നം. സിഇഇ/451/2011/റ്റി.എ.3

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ മെഡിക്കൽ/സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ 2011-'12 : അഡ്മിറ്റ് കാർഡ് ലഭിക്കുന്നത് സംബന്ധിച്ച്

**2011 ജൂൺ 23, 24, 26 തീയതികളിൽ തിരുവനന്തപുരം** കേന്ദ്രമായി നടത്തുന്ന ബിരുദാനന്തര ബിരുദ മെഡിക്കൽ/സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി 2011-12 കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്ന വിദ്യാർത്ഥികളുടെ അഡ്മിറ്റ് കാർഡ്, **19.06.2011 (ഞായറാഴ്ച) ഉച്ചയ്ക്ക് 2 മണി മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee-kerala.org** ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. മെഡിക്കൽ & സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ജനറൽ പേപ്പർ (പേപ്പർ-I), ന്യൂറോ സർജറി പേപ്പർ-II, തൊറാസിക് സർജറി പേപ്പർ-II എന്നിവ **23.06.2011** നും മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റിയുടെ കാർഡിയോളജി പേപ്പർ-II, ഗ്യാസ്ട്രോ എന്ററോളജി പേപ്പർ-II, ന്യൂറോളജി പേപ്പർ-II, നെഫ്രോളജി പേപ്പർ-II എന്നിവ **24.06.2011** നും **തിരുവനന്തപുരം പട്ടം കേന്ദ്രീയ വിദ്യാലയത്തിൽ** വച്ച് നടത്തുന്നതാണ്. സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റിയുടെ പ്ലാസ്റ്റിക് സർജറി, ജനിറ്റോ യൂറിനറി സർജറി, പീഡിയാട്രിക് സർജറി, ഗ്യാസ്ട്രോ എന്ററോളജി സർജറി പേപ്പർ-II പരീക്ഷകൾ **26.06.2011** ന് **മണക്കാട് കമലേശ്വരം ഗവ: ഹയർ സെക്കന്ററി സ്കൂളിൽ** വച്ച് നടത്തുന്നതാണ്.

ഔദ്യോഗിക വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ വിദ്യാർത്ഥിയുടെ **ആപ്ലിക്കേഷൻ നമ്പറും**, അപേക്ഷയിൽ നൽകിയിട്ടുള്ള **ജനന തീയതിയും** കൃത്യമായി നൽകിയതിനു ശേഷം പ്രിന്റ് ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. പ്രസ്തുത അഡ്മിറ്റ് കാർഡാണ് വിദ്യാർത്ഥി പരീക്ഷാ ഹാളിൽ ഹാജരാക്കേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
18.06.2011